പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 291 02.03.2020-ൽ മറുപടിക്ക്

**റേഷൻകട ഉടമകൾക്കുള്ള പ്രതിഫലവും കമ്മീഷനും**

| ചോദ്യം<br>**ശ്രീ.സജി ചെറിയാൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഭക്ഷ്യഭദ്രത നിയമപ്രകാരം റേഷൻ കട ഉടമകൾക്ക് പ്രതിഫലവും കമ്മീഷനും യഥാസമയം ലഭ്യമാക്കുന്നുണ്ടോ; ആയതിന്റെ മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ ; | (എ) ഭക്ഷ്യഭദ്രത നിയമപ്രകാരം റേഷൻ കട ഉടമകൾക്ക് പുതുക്കിയ കമ്മീഷൻ പാക്കേജ് പ്രകാരം 12/2018 മുതൽ ഭക്ഷ്യധാന്യ വിതരണം കഴിഞ്ഞ് തൊട്ടടുത്ത മാസം തന്നെ കമ്മീഷൻ അനുവദിച്ച് നല്കുന്നുണ്ട്. ആയത് പ്രകാരം 45 ക്വിന്റൽ വിതരണം നടത്തുന്ന വ്യാപാരികൾക്ക് 18000/- രൂപ അടിസ്ഥാന കമ്മീഷൻ ലഭിക്കും. ഇവർ ആവശ്യകതയുടെ 70 ശതമാനം വില്പന നടത്തേണ്ടതുണ്ട്. 44 ക്വിന്റൽ വരെ ഭക്ഷ്യധാന്യ വില്പന നടത്തുന്നവർക്ക് ക്വിന്റലിന് 220/- രൂപ നിരക്കിൽ കമ്മീഷനും 8500/- രൂപ സപ്പോർട്ടീവ് പേയ്മെന്റും ലഭ്യമാക്കുന്നുണ്ട്. 45 ക്വിന്റലിന് മുകളിൽ ഭക്ഷ്യധാന്യ വില്പ നടത്തിയാൽ അടിസ്ഥാന കമ്മീഷനായ 18000/- രൂപയ്ക്ക് പുറമെ വില്പന നടത്തുന്ന ഓരോ ക്വിന്റലിനും 180/- രൂപ നിരക്കിൽ കമ്മീഷൻ നല്കുന്നുമുണ്ട്. വില്പനയിലുണ്ടാകുന്ന കുറവിന്റെ ആനുപാതികമായി കമ്മീഷനിലും സപ്പോർട്ടീവ് പേയ്മെന്റിലും കുറവുണ്ടാകുന്നതുമാണ് ; |
| (ബി) ഈ ഇനത്തിൽ സർക്കാരിന് എത്ര തുകയാണ് ആവശ്യമായി വരുന്നതെന്ന് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ ? | (ബി) ഈ ഇനത്തിൽ സർക്കാരിന് (പുതിയ കമ്മീഷൻ പാക്കേജ് നടപ്പിലാക്കുന്നതിന്) 428 കോടി രൂപ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ